പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2472

05/02/2018 - ൽ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനം

ചോദ്യം

ശ്രീ.സി. ദിവാകരൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ) | സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ ബോർഡുകളിലേയും സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | എ) | സഹകരണ വകുപ്പിന്റെ കീഴിലെ ചില അപ്പെക്സ് സൊസൈറ്റികളിലെ നിയമനങ്ങൾ പി.എസ്.സി വഴിയാണ് നടത്തുന്നത്.<br>സഹകരണ വകുപ്പിന്റെ കീഴിലെ മറ്റ സ്ഥാപനങ്ങളുടെ നിയമനങ്ങൾ സുതാര്യമായി നടത്താൻ ഒരു പരീക്ഷാ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. എങ്കിലും സഹകരണ വകുപ്പിലെ ബോർഡുകളിലെയും മറ്റ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി ക്ക് വിടുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | സംസ്ഥാന സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങൾ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യു എന്ന് വ്യക്തമാക്കുമോ? | ബി) | സംസ്ഥാനത്തെ സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിൽ സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന പട്ടികജാതി/ പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, റബ്ബർമാർക്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുതലായ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനം സ്പെഷ്യൽ റൂൾസ് പി.എസ്.സി അംഗീകരിച്ചിട്ടുള്ളതും ആയത് പ്രകാരം ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ